**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.06.2017 ലെ OA(EKM) 164, 232, 287, 345, 371, 390, 744, 874/2017 ഉത്തരവ്, 23.06.2017 ലെ OA(EKM) 825/2017 നം ഉത്തരവ്, 07.07.2017 ലെ OA(EKM) 457/2017 നം ഉത്തരവ്, 22.09.2017 ലെ OA(EKM) 1020/2017 നം ഉത്തരവ് എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തിക മാറ്റ നിയമനത്തിനുള്ള ജില്ലാതല സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും ടി ജീവനക്കാർക്ക് ഇതിനകം തസ്തികമാറ്റ നിയമനം നൽകിയിട്ടുണ്ടെങ്കിൽ ടി നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിന് അനുമതി നല്കിയും ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 158/2018/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 01/11/2018**

---

പരാമർശം :
1. സ.ഉ(പി)നം. 01/2014/ഉഭപവ തീയതി. 03/01/2014.
2. സ.ഉ(പി)നം. 21/2014/ഉഭപവ തീയതി. 19/07/2014.
3. 23.12.2014 ലെ 59989/ഇപിഎ 1/14/ തസ്വഭവ നം കത്ത്.
4. സ.ഉ(സാ.ധാ)നം. 671/2015/തസ്വഭവ തീയതി. 07/03/2015.
5. സ.ഉ(സാ.ധാ)നം. 49/2017/തസ്വഭവ തീയതി. 07/01/2017.
6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.06.2017 ലെ OA(EKM) 164, 232, 287, 345, 371, 390, 744, 874/2017 നമ്പർ ഉത്തരവ്.
7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.06.2017 ലെ OA(EKM) 825/2017 നമ്പർ ഉത്തരവ്.
8. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07.07.2017 ലെ OA(EKM) 457/2017 നമ്പർ ഉത്തരവ്.
9. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.09.2017 ലെ OA(EKM) 1020/2017 നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവരിൽ നിന്ന് യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ എൽ.ഡി ക്ലാർക്ക്/ എൽ.ഡി ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ തസ്തികമാറ്റം അനുവദിക്കുന്നതിനായി 10% ഒഴിവുകൾ നീക്കി വയ്ക്കാൻ

ഉത്തരവായിരുന്നു. പ്രൊബേഷൻ പ്രഖ്യാപിച്ചിരിക്കണമെന്നും താഴ്ന്ന തസ്തികകളിൽ മൂന്ന് വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ ഉത്തരവിന്റെ പ്രയോജനം പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെടുന്നവർക്കും ബാധകമാക്കണമെന്ന ആവശ്യവുമായി ശ്രീമതി രാധ മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത TA 1025/13 നമ്പർ ഹർജിയിലെ 04.08.2014 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (2) എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ളതും എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ട സീനിയോറിറ്റി ലിസ്റ്റിൽ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരേയും ഉൾപ്പെടുത്തുന്നതിനും നടപടിക്രമങ്ങൾ പാലിച്ച് ടി കേസിലെ അപേക്ഷകർക്ക് അർഹതയുള്ള പക്ഷം എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും പരാമർശം (4) ലെ ഉത്തരവ് പുറപ്പെടുവിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കിയിരുന്നു.

പരാമർശം (2) ഉത്തരവിൽ തസ്തിക മാറ്റ നിയമനത്തിനുള്ള സീനിയോറിറ്റി ജില്ലാതലത്തിലുള്ള എൻടി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ (പാർട്ട് ടൈം തസ്തികകൾ ഒഴികെ) അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തുകളിലെ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ സ്പഷ്ടീകരണം നൽകിയിരുന്നു. തുടർന്ന് പഞ്ചായത്ത് വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ സി.റ്റി.സൂരജ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 367/2015 കേസ്സിലെ 20.07.2015 ലെ ഉത്തരവിൽ പരാതിക്കാരന്റെ അനക്സർ എ 8 നിവേദനം നിയമാനുസൃതം പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതല സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താമെന്ന പരാമർശം (3) ലെ സ്പഷ്ടീകരണം പിൻവലിക്കണമെന്നായിരുന്നു അനക്സർ എ 8 നിവേദനത്തിലെ ആവശ്യം. സർക്കാർ അക്കാര്യം വിശദമായി പരിശോധിക്കുകയും ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാ തലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുള്ള സ്പഷ്ടീകരണം പിൻവലിച്ച് കൊണ്ടും പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ ഒഴിവാക്കികൊണ്ട് ജില്ലാ തലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും പരാമർശം (3) ലെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർക്ക് അപ്രകാരം തസ്തികമാറ്റ നിയമനങ്ങൾ ഇതിനകം

നൽകിയിട്ടുണ്ടെങ്കിൽ ടി നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പരാമർശം (5) ലെ സർക്കാർ ഉത്തരവിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫുൾ ടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ടവർ സമർപ്പിച്ചിരുന്ന ഒരു കൂട്ടം ഹർജികളിൽ പരാമർശം (6) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിലും കൂടാതെ പരാമർശം (7). (8). (9) ലെ ഉത്തരവുകളിലും പരാമർശം (5) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും അപേക്ഷകരെയും ബന്ധപ്പെട്ട എല്ലാവരെയും നേരിൽ കേട്ട് അവരുടെ വിശദീകരണവും പരിശോധിച്ച് യുക്തമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെയും ഇതുമായി ബന്ധപ്പെട്ട ഓഫീസ് അറ്റൻഡന്റുമാരേയും ഫുൾ ടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെടുന്നവരെയും നേരിൽ കേട്ടു. കൂടാതെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 1025/13 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (4) ലെ ഉത്തരവ് പ്രകാരം ഫുൾ ടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ട അപേക്ഷകർ എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ തസ്തികമാറ്റ നിയമനത്തിന് അർഹതയുണ്ടെന്ന് ഉത്തരവാകുകയും ചെയ്യുതിനാലും പ്രസ്തുത നിർദ്ദേശം നിലനിൽക്കേയാണ് പരാമർശം (5) ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാലും TA 1025/13 കേസിലെ കക്ഷികളെക്കൂടി നേരിൽ കേൾക്കുന്നതിന് അവസരം നൽകുകയും ഹാജരായവരെ നേരിൽ കേൾക്കുകയും ചെയ്തു. തസ്തികമാറ്റത്തിനുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഫുൾടൈം കണ്ടിജന്റ് വിഭാഗത്തെ ഒഴിവാക്കണമെന്ന് ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിലുള്ളവരും ഫുൾടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാരെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി തസ്തികമാറ്റ നിയമനം അനുവദിക്കണമെന്ന് ഫുൾടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ടവരും ഹിയറിംഗ് വേളയിൽ ആവശ്യപ്പെട്ടു. ഇതിനകം തസ്തികമാറ്റം ലഭിച്ച് LD ക്ലാർക്കുമാരായിട്ടുള്ള ഫുൾടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാരെ അപ്രകാരം അനുവദിച്ചിട്ടുള്ള തസ്തികമാറ്റ നിയമനങ്ങളിൽ തുടരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് അതാത് വകുപ്പുകളിലെ ക്ലാസ് IV / സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർ എന്നിവർക്ക് പി.എസ്.സി മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തികമാറ്റത്തിനു പുറമെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീനവക്കാർക്കും (എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാതു വകുപ്പിലെ എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് കൂടി യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ചു നൽകുന്നതിന്, തസ്തികമാറ്റം ലഭിക്കുവാനർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണമെന്നും അവർ താഴ്ന്ന തസ്തികയിൽ /തസ്തികകളിൽ മൂന്നു വർഷം സേവനം പൂർത്തീകരിച്ചിരിക്കണമെന്നുമുള്ള വ്യവസ്ഥകളോട് കൂടി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3), (4) എന്നിവ പ്രകാരം പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം സ്വീപ്പർ വിഭാഗത്തിൽപ്പെട്ടവർ ഈ ആനുകൂല്യ പ്രകാരമുള്ള

തസ്തികമാറ്റത്തിന് അർഹമാണെന്ന് സ്പഷ്ടീകരണം നൽകുകയും ചെയ്തിരുന്നു. പഞ്ചായത്ത് വകുപ്പിൽ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് വകുപ്പിലെ ഫുൾ ടൈം സ്വീപ്പർ വിഭാഗത്തിലുള്ള ജീവനക്കാരെയും ഉൾപ്പെടുത്തി ഓഫീസ് അറ്റൻഡന്റമാർ എന്നിവരോടൊപ്പം സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും തസ്തികമാറ്റം അനുവദിച്ചു നൽകിയിരുന്നു. ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം അനുവദിക്കുന്നതാണ് എന്ന് പരാമർശം (1) ലെ ഉത്തരവിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം സ്വീപ്പർ തസ്തിക, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലോ സബോർഡിനേറ്റ് സർവ്വീസ് റൂളിലോ ഉൾപ്പെട്ടു വരുന്നില്ല. അതിനാൽ തന്നെ എല്ലാ വകുപ്പുകൾക്കും ബാധകമാക്കി പുറപ്പെടുവിച്ചിരിക്കുന്ന മേൽ പറഞ്ഞ നിബന്ധനയോടെയുള്ള പരാമർശം (1) ലെ ഉത്തരവ് ഇവർക്ക് ബാധകമാക്കാൻ കഴിയില്ല എന്ന് കാണുന്നു.

ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് റൂൾസിലോ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള തസ്തിക മാറ്റ നിയമനത്തിന് അർഹരല്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലാണ് പരാമർശം (5) ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഫുൾ ടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ ഒഴിവാക്കികൊണ്ട് ജില്ലാതലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും തസ്തികമാറ്റ നിയമനം ഇതിനകം ആ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെങ്കിൽ ആ നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചത്. കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 180-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പരാമർശം (5) ലെ ഉത്തരവിന് പിൻകാല പ്രാബല്യം നൽകിയിട്ടില്ല. Retrospective effect നൽകാത്ത ഉത്തരവുകൾക്ക് Prospective effect ഉള്ളതായേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇപ്രകാരം നിയമിക്കപ്പെട്ട തസ്തികമാറ്റ നിയമനം റദ്ദാക്കിക്കൊണ്ട് റിവേർട്ട് ചെയ്യുന്ന ഉത്തരവുകളും അപ്രകാരം പുറപ്പെടുവിച്ചാൽ മതിയാകും. എന്നാൽ അവരുടെ നിയമനം നിയമാനുസൃതമല്ലായെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (5) ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന പഞ്ചായത്ത് ഡയറക്ടർക്ക് പരാമർശം (3) പ്രകാരം നൽകിയിട്ടുള്ള സ്പഷ്ടീകരണം പിൻവലിച്ചുകൊണ്ടും പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ ഒഴിവാക്കികൊണ്ട് ജില്ലാതലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും പരാമർശം (3) ലെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർക്ക് അപ്രകാരം തസ്തികമാറ്റ നിയമനം ഇതിനകം

നൽകിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള നിയമനങ്ങൾ prospective effect ൽ മാത്രം റദ്ദ് ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനകം ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിന്നും എൽ.ഡി ക്ലാർക്കായി നിയമനം ലഭിച്ചവരുടെ കാര്യത്തിൽ അവരുടെ നിയമനം നിയമാനുസൃതമല്ലായെന്ന് കണക്കാക്കേണ്ടതാണ്. എന്നാൽ പരാമർശം (4) ലെ ഉത്തരവിൽ പിൻകാല പ്രാബല്യം നൽകിയിട്ടില്ല എന്നതിനാലും Retrospective effect നൽകാത്ത ഉത്തരവുകൾക്ക് Prospective effect ഉള്ളതായേ കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും ഇവരുടെ തസ്തികമാറ്റ നിയമനം റദ്ദാക്കേണ്ടതും റദ്ദാക്കിക്കൊണ്ട് റിവേർട്ട് ചെയ്യുന്ന ഉത്തരവുകളും അപ്രകാരം പുറപ്പെടുവിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

ഇപ്രകാരം പരാമർശങ്ങൾ (6) മുതൽ (9) വരെയുള്ള കേസുകളിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.06.2017 ലെ പൊതു ഉത്തരവ് നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

പരാമർശം (6) മുതൽ (9) വരെയുള്ള OA കളിലെ അപേക്ഷകർക്ക്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ,ഐ.കെ.എം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/84/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ